പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 564 02.12.14 ലെ മറുപടിക്ക്**

# "ചെക്ക്പോസ്റ്റുകളിലെ നികുതി"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ വർഷത്തേക്കാൾ എത്ര ശതമാനം നികുതി വർദ്ധനവാണ് ചെക്ക്പോസ്റ്റുകളിൽ ഉണ്ടായതെന്ന് വ്യക്തമാക്കുമോ; | (എ) | നിയമപ്രകാരമുള്ള രേഖകളില്ലാതെയോ ഉള്ള രേഖകളിലുള്ള പോരായ്മകളോ കാരണം നികുതി വെട്ടിപ്പ് സംശയിച്ച് അന്വേഷണത്തിന് മുന്നോടിയായി സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കാറുണ്ട്. ഇതിനുപുറമെ നിശ്ചയിക്കപ്പെട്ട ചരക്കുകളിൽ രജിസ്റ്റേർഡ് വ്യാപാരികളിൽ നിന്നും മുൻകൂർ നികുതിയും സ്വീകരിക്കാറുണ്ട്. ഇത് അവർ പിന്നീട് അടയ്ക്കേണ്ട നികുതി കണക്കാക്കുന്ന അവസരത്തിൽ തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്. 30.10.2014-വരെ ചെക്ക്പോസ്റ്റുകളിൽ നിന്നും ഇത്തരം പിരിവിൽ 10% വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഏർപ്പെടുത്തിയ പുതിയ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട എ-ക്ലാസ്, ബി-ക്ലാസ് ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർ വത്ക്കരിച്ച് സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കും പോകുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാകുന്ന സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിൻ/പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് എസ്.എം.എസ്.ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഈ-ഡിക്ലറേഷൻ, ഈ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നട്ടപ്പുണി, കൂട്ടുപ്പുഴ,ബംഗ്ര - മഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വേയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ്ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിലും പരിസരത്തും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും ഇന്റലിജൻസ് സ്ക്വാഡിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷത്തിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് ചെക്ക്പോസ്റ്റുകളിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഈ സാമ്പത്തിക വർഷത്തിൽ 31.10.2014 വരെ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട 31918 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ.**